പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.268

19..02..2016 ൽ
മറുപടിയ്ക്ക്.

## നദീതീര സംരക്ഷണ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം<br>,, സി.കൃഷ്ണൻ<br>,, വി.ചെന്താമരാക്ഷൻ<br>,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ .അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നദീതീര സംരക്ഷണ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ; | (എ) & (ബി) | നദീതീര സംരക്ഷണ നിയമം നടപ്പിലാക്കിയിട്ടുണ്ട്. 15.4.2002-ൽ പ്രാബല്യത്തിൽ വന്ന കേരള നദീതീരസംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിലെ എല്ലാ വ്യവസ്ഥകളും നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ 2013-ലെ കേരള നദീതീരസംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ഭേദഗതി നിയമം വകുപ്പ് 26 എ യിൽ വ്യവസ്ഥ ചെയ്യുന്ന 'പ്രത്യേക സംരക്ഷണ സേനയുടെ' രൂപീകരണം സർക്കാർ പരിഗണനയിലാണ്. |
| (ബി) | നിയമത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള തീരസംരക്ഷണ സേനയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; ഇതിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കാമോ; ഏതെല്ലാം ജില്ലകളിൽ സേനയുടെ പ്രവർത്തനമുണ്ട് എന്നറിയിക്കാമോ; | | |
| (സി) | വിദഗ്ധ സംഘങ്ങൾ നദികളെ ആസ്പദമാക്കി നടത്തുന്ന മണൽ | (സി) | സാന്റ് ഓഡിറ്റിംഗ് പ്രവർത്തികൾ നടത്തിയ 20 നദികളിൽ 18 |

| | | | |
|---|---|---|---|
| | ഓഡിറ്റിംഗ് പൂർത്തിയാക്കിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി ഏതെല്ലാം നദികളിൽ നിന്നും മണൽ വാരുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | | നദികളിലെയും സാന്റ് ഓഡിറ്റിംഗ് പൂർത്തിയായിട്ടുള്ളതാണ്. ഇതിൽ സാന്റ് ഓഡിറ്റിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 14 നദികളിലെ മണൽ ലഭ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കടലുണ്ടി, ചാലിയാർ, പമ്പ, പെരിയാർ, ഇത്തിക്കര, മൂവാറ്റുപുഴ എന്നീ നദികളിൽ ഖനനാവശ്യത്തിന് മണൽ ലഭ്യമാണെന്ന വസ്തുത ആധാരമാക്കി പാരിസ്ഥിതിക അനുമതി ലഭ്യമായ ശേഷം നിശ്ചിത അളവിൽ മണൽ ഖനനത്തിന് അനുമതി നൽകുവാൻ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | നദികളിൽ നിന്നുള്ള അനധികൃത മണലെടുപ്പ് തുടരുന്നത് സംബന്ധിച്ച് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ ; | (ഡി) | നദികളിൽ നിന്നുള്ള അനധികൃത മണലെടുപ്പ് ശ്രദ്ധയിൽപ്പെട്ടാൽ കേരള നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമപ്രകാരം കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്. അനധികൃത മണൽ ഖനനവും, കടത്തും തടയുന്നതിനായി താലൂക്ക്, ഡിവിഷൻ, ജില്ലാ തലങ്ങളിൽ റവന്യൂ-പോലീസ് വകുപ്പുകൾ സംയുക്തമായി സ്ക്വാഡ് രൂപീകരിച്ച് ശക്തമായ പ്രവർത്തനം നടത്തിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | മണൽ മാഫിയകളുടെ അക്രമം അവസാനിപ്പിക്കുന്നതിനും നദീതീരസംരക്ഷണ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഇ) | അനധികൃത മണൽവാരലും, മണൽ കടത്തും, മണൽ മാഫിയാ പ്രവർത്തനങ്ങളും അവസാനിപ്പിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ